മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

നം: എ.ഡി.ബി.7/2/195/2018 തീയതി 04.04.2018

<u>പരിപത്രം</u>

വിഷയം:- സർവ്വകലാശാല ഹോസ്റ്റലുകളിലെ എസ്.സി/എസ്.റ്റി വിദ്യാർത്ഥികളിൽ നിന്ന് മുറി വാടക ഇ-ഗ്രാൻറ് മുഖേന അതാത് പഠന വകുപ്പ് മേധാവികൾ ബന്ധപ്പെട്ട വകുപ്പിൽ നിന്നും വാങ്ങിയെടുത്ത് സർവ്വകലാശാലാ ഫണ്ടിൽ അടയ്ക്കുവാൻ വകുപ്പ് മേധാവികളെ ചുമതല പെടുത്തി പുറപ്പെടുവിച്ചിരുന്ന ഉത്തരവ് സംബനധിച്ച്

സൂചന:- 1.)2017 ജൂൺ 5-ാം തീയതി കൂടിയ സിൻഡിക്കേറ്റ് യോഗം നമ്പർ. 17.07 നടപടി കുറിപ്പുകളുടെ എക്സ്ട്രാക്റ്റ്.

2.)സ.ഉ. നമ്പർ.3456/എ.ഡി.ബി.7/2017 ഭരണവിഭാഗം തീയതി.08.06.2017

സർവകലാശാല ഹോസ്റ്റലുകളിലെ എസ്.സി/എസ്.റ്റി വിദ്യാർത്ഥികളുടെ മുറി വാടക ഇ-ഗ്രാൻറ് മുഖേന അതാത് പഠന വകുപ്പ് മേധാവികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പിൽ നിന്നും വാങ്ങിയെടുത്ത് സർവ്വകലാശാലാ ഫണ്ടിൽ അടയ്ക്കുന്നതിന് സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ ഉത്തരവ് വേണ്ട വിധം പാലിക്കപ്പെട്ടിട്ടില്ല.

ഏതാനും വകുപ്പ് മേധാവികൾ മുറി വാടക അടച്ച രസീത് ഹോസ്റ്റൽ ഓഫീസിൽ (Ad.B.VII) യഥാസമയം നൽകാത്തതിനാൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് "No due certificate" നൽകുവാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്.

കേരള സംസ്ഥാന പട്ടികജാതി/പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ച് സർവ്വകലാശാല പുറപ്പെടുവിച്ച ഉത്തരവിൻെറ ലംഘനമാണിത്.ഈ സാഹചര്യത്തിൽ പ്രസ്തുത സർവ്വകലാശാല ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിക്കാൻ വകുപ്പു മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്

ജോയിൻറ് രജിസ്ട്രാർ 1 (ഭ.വി)

രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. വിവിധ പഠന വകുപ്പുകളുടെ തലവൻമാർ
2. വി.സി./പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ

മറുപുറം കാണുക

4. എസ്.സി/എസ്.റ്റി സെൽ

5.കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ് മഹാത്മാഗാന്ധി സർവകലാശാല

6. ഫിനാൻസ്/ഓഡിറ്റ് വിഭാഗം

7. പി.ആർ.ഒ.

8.സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്

9. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ

10.ഐ.ക്യൂ.എ.സി

11. റെക്കോഡ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

റഫറൻസ്:എ.ഡി.ബി.7/2/149/2017.ഭ.വി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ